
# ലിറ്റിൽ കൈറ്റ്സ് ഇ–മാഗസിൻ
## 2019–2020

**കെ .സി .പി .ഹയർ സെക്കൻഡറി സ്കൂൾ ,കാവശ്ശേരി**






# "വെളിച്ചമെ നയിച്ചാലും"



# ആശംസ

## മാനേജർ




വിജ്ഞാനത്തിന്റെ പുത്തനുറവിടങ്ങളിലേക്ക് ആധുനിക സാങ്കേതിക വിദ്യയുടെ മേച്ചിൽപുറങ്ങളിലൂടെ സർഗ്ഗാത്മക ശേഷിക്ക് നിറച്ചാർത്ത് നൽകുന്ന ***തൂലിക*** ഇ –മാഗസിന് ആശംസകൾ

# സന്ദേശം

## ഹെഡ്മാസ്സ്റ്റർ



കെ .സി .പി .ഹയർ സെക്കൻഡറി സ്കൂൾ വിവര സാങ്കേതിക വിദ്യയിലൂടെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ***തൂലിക*** എന്ന ഇ-മാഗസിന് വിജയാശംസകൾസുന്ദരവും സൂക്ഷ്മവുമായ വൈജ്ഞാനിക ലോകത്തേക്ക് അനുഭവങ്ങളുടെ പടച്ചട്ടയണിഞ്ഞ് പുത്തനറിവുകൾ മെനഞ്ഞെടുത്ത് പ്രായോഗികതലത്തിൽ ഉപയോഗിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുകയാണ് വിദ്യാഭ്യാസത്തിന്റെ കാതലായ ലക്ഷ്യം അന്വേഷണാത്മകവും വിജ്ഞാനപ്രദവുമായ മേഖലകൾ കൂട്ടിയിണക്കി സർഗ്ഗാത്മക ശേഷിയുടെ പുത്തൻ പടവുകൾ കയറാൻ അവസരമൊരുക്കുകയും ഭാവനയുടെ ചിറകുകൾ നിവർത്തി സ്വന്തം മൂല്യങ്ങളിലേക്ക് പറന്നുയരുവാൻ പുതുവെളിച്ചം പകരുന്ന ഇ-മാഗസിന്റ പ്രവർത്തന ങ്ങൾക്ക് ആശംസകൾ നേരുന്നു.

**ഹെഡ്മാസ്റ്റർ**
**കെ.പി. രവി**

# ആശംസ

## പി.ടി.എ പ്രസിഡന്റ്



ചിന്തയും ചിരിയും കോർത്തിണക്കുന്ന നിറമുള്ള നാളെയുടെ പൂമൊട്ടുകൾക്ക് സുഗന്ധമായി മാറുന്ന ലിറ്റിൽ കൈറ്റ്സിന്റ ***തൂലിക*** ഇ-മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

# ആശംസ

## എം.പി.ടി.എ പ്രസിഡന്റ്



സർഗ്ഗാത്മകതയ്ക്ക് ഈണമായി മാറുന്ന ലിറ്റിൽ കൈറ്റ്സിന്റ

***തൂലിക*** ഇ-മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

# ആമുഖം

## സ്റ്റാഫ് സെക്രട്ടറി



ഡിജിറ്റൽമാഗസിൻഎന്നത്ആധുനികകാലഘട്ടത്തിൻറെ വായനാസരണിയായി മാറി കഴിഞ്ഞിരിക്കുകയാണ്. പത്രത്താളുകൾ മറിച്ചിരുന്ന വിരൽത്തുമ്പുകൾ ഇന്ന് വിശാല വായനയുടെ വിഹായസ്സിലേക്ക് പുതുവഴികൾ തുറക്കുന്നു. വായനശാലയിലെ ചില്ലലമാരയിൽ ഇരിക്കുന്ന പുസ്തകങ്ങൾ തേടി വരും തലമുറ ഓടിയെത്തും എന്ന പ്രതീക്ഷ അകലുകയാണ്. സ്വന്തം കൈവെള്ളയിലെ കുഞ്ഞൻ ഫോൺ അവനു മുന്നിൽ അറിവിന്റെ അക്ഷയഖനികൾ തുറക്കുകയാണ് ലോകപ്രശസ്തമായ ലക്ഷക്കണക്കിന് പുസ്തകങ്ങൾ ഇന്ന് ഇ- വായനക്ക് ലഭ്യമാണ് .ഡിജിറ്റൽ വായനയും എഴുത്തും വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ ഡിജിറ്റൽ മാഗസിനുകളുടെ പ്രാധാന്യവും കൂടി കൊണ്ടിരിക്കുകയാണ് . അതു കൊണ്ടു തന്നെ കെ.സി.പി.ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപകരുടേയും വിദ്യാർത്ഥികളുടെയും കൂട്ടായ്മയിൽ ഇതൾ വിരിഞ്ഞ ***തൂലിക*** ഡിജിറ്റൽ മാസിക നിങ്ങളിൽ ചൊരിയട്ടെ വായനയുടെ വർണ വസന്തം .

രാജിക ടീച്ചർ









കെ .സി .പി .ഹയർ സെക്കൻഡറി സ്കൂൾ ,കാവശ്ശേരി

## കവിത

# പ്രാർത്ഥന



ലോകമെങ്ങും നവജീവനേകും
ദിവ്യ സ്നേഹമേ ....
സദയമെന്നുടെ കർമ്മ വീഥിയിൽ
തൂവെളിച്ചം ഏകണേ
അപരനോടനുകമ്പ തോന്നീടുവാൻ
ആശ്രിതർക്കാശ്വാസമേകീടുവാൻ
നിറയ്ക്കണം നീയെൻ മാനസത്തിൽ
ഇത്തിരി സ്നേഹത്തിൻ നീരുറവ
ആകുലചിന്തയാൽ നീറിടുമ്പോഴും
അഴലിൻ കയങ്ങളിൽ മുങ്ങിടുമ്പോഴും
വിജ്ഞാനദീപമേ നീ നയിക്കൂ
തളരാതെയെന്നെ ഈ ധരയിൽ



ദീപ ആനി മാത്യു

കഥ

# സമ്മാനം



അവൾ പിറന്നാൾ ദിനത്തിന് കാത്തിരിക്കുകയാണ് ദിവസങ്ങൾ എണ്ണാൻ തുടങ്ങിയിട്ട് നാളേറെയായി. നാളെയാണ് പിറന്നാൾ അവൾക്ക് ആകാംഷ അടക്കാൻ ആകുന്നില്ല എനിക്ക് കുറെ സമ്മാനങ്ങൾ കിട്ടുമായിരിക്കും അവൾ ചിന്തിച്ചു അന്ന് വൈകുന്നേരം അവൾ അച്ഛനോടായി ചൊല്ലി അച്ഛാ എനിക്ക് നാളെ പിറന്നാൾ സമ്മാനം തരുമോ അവളുടെ ചോദ്യം അച്ഛനെ വല്ലാതെ അലട്ടി. അന്ന് രാത്രി മോൾക്ക് എന്തു സമ്മാനം വാങ്ങിച്ച് നൽകണം എന്ന് ചിന്തിച്ച് കൊണ്ടിരിന്നു 'പിറ്റേ ദിവസം അവൾ പിറന്നാൾ കോടിയുമുടുത്ത് കൈയ്യിൽ പുത്തൻ മിന്നുന്ന വളകളുമണിഞ്ഞ് പൊട്ടും തൊട്ട് സുന്ദരിയായി വന്നു കേക്കും മിഠായിയും എല്ലാം വാങ്ങി പിറന്നാൾ ഗംഭീരമാക്കി.



അതെല്ലാം കഴിഞ്ഞ് സമ്മാനത്തിനായി തന്റെ അച്ഛന്റ അടുത്തെത്തി. അവളോട് കണ്ണുകൾ അടക്കാൻ അച്ഛൻ ആവശ്യപ്പെട്ടു അവൾ കണ്ണുക്കൾ അടച്ച് മിനുസമായ കുഞ്ഞ് കൈമലർത്തി നീട്ടി അച്ഛൻ അവളുടെ കൈയ്യിൽ സമ്മാനം വച്ചു കൊടുത്തു' അതൊരുമാവിൻതൈയാണ്. അവൾക്ക് സങ്കടമായി 'അവൾ ഇതൊന്നുമല്ല കരുതിയത്. അവളെ നോക്കി അച്ഛൻ പറഞ്ഞു മോളെ ഞാനിപ്പോൾ വേറൊരു സമ്മാനമാണ് തന്നിരുന്നതെങ്കിൽ അത് കുറച്ചു നാൾ മാത്രമെ നിലനിൽക്കുകയുള്ളു. കുറച്ചു കഴിയുമ്പോൾ അത് ചീത്തയായിപോവും.എന്നാൽ ഈ തൈയാവട്ടെ നിനക്ക് മാത്രമല്ല നിന്റെ തലമുറയയും ഇത് പ്രയോജനപ്പെടും അതുകൊണ്ട് മോള് ഇത് കൊണ്ടുപോയി നട്ട് നനച്ച് പരിപാലിച്ച് വലുതാക്കു. മനസ്സില്ലാ മനസോടെ അവൾ അത് ഏറ്റ് വാങ്ങി'

കാലങ്ങൾ മാറി മറിഞ്ഞു തൈ വളർന്ന് വൃക്ഷമായി ഒപ്പം അവളും വളർന്നു. അച്ഛന് പ്രായമായി ഒരു രാത്രിയിൽ അവളുടെ അച്ഛൻ മരണമടഞ്ഞു. പിന്നീട് അച്ഛനെ ഓർക്കാൻ അവൾക്ക് ആകെയുള്ളത് അച്ഛൻ അന്ന് തന്ന ഈ സമ്മാനമാണ്. അവൾ ഓർത്തു അച്ഛൻ പറഞ്ഞത് ശരിയാണ് മറ്റു സമ്മാനങ്ങളൊക്കെ കാലക്രമേണ നശിച്ചുപോവുമായിരുന്നു എന്നാൽ ഈ സമ്മാനം അത്ര പെട്ടെന്നൊന്നും നശിച്ച് പോവില്ല. അച്ഛൻ അന്ന് ഈ സമ്മാനം നൽകിയില്ലായിരുന്നെങ്കിൽ ... അവൾ ഓർത്തു

മിഥുൻ

## കവിത



# ചിത്രം



മായ്ക്കുന്ന കാലത്തി
ന്നോർമ്മകൾ നെയ്യുന്ന
കാവ്യപ്രപഞ്ചമോ ചിത്രം
പഠനങ്ങൾ പായുന്ന
ചരിത്രത്തിലൊക്കെയും
നീട്ടി വരയ്ക്കും വരകൾ
വട്ടം വരച്ചതിൽ ലോക-
മൊതുക്കുന്നൊരുഷ്ണ -
പ്രപഞ്ചത്തിൽ സത്യം
കാലങ്ങൾ കവിതയായ്
ആർക്കും രസിക്കുവാൻ
പാറയിൽ പട്ടിലിലയുടെ -
താളത്തിലാരോ വരച്ച വരകൾ
ഇനിയുമുണ്ടേറെ വരയ്ക്കു വാ
നുണ്ടത്രേ നാമേതുമറിയാ വരകൾ
തൂണിലും തുരുമ്പിലും
മാനുഷർ കൊത്തിയ ചിത്ര
പ്രപഞ്ചത്തിൻ മീതെ

**ആർഷ കെ എസ്**

## കവിത

# സ്നേഹത്തിന്റെ താരാട്ട്



എവിടെയോ നിന്നൊരു കിളി പറന്ന്
വന്നെൻ മനസ്സിൽ കൂടൊരുക്കി
തുഞ്ചന്റെ തത്തപോൽ നിറമില്ലാ ചില്ലകൾ
ഇലകൾ പൊഴിയാതെ കാത്തു നിന്ന്
ആ ജീവനു വേണ്ടി രാഗം മൊഴിഞ്ഞു
ദിനങ്ങൾ ഓരോന്നായ് കുതിച്ചു പാഞ്ഞപ്പോഴും
അമ്മയാവാൻ കിളി കാത്തു നിന്നു
അങ്ങനൊരു ദിനം നിലാവിൻ നിറമുള്ള
പൊൻമുട്ടയിട്ടു പറവയമ്മ
അത് പെട്ടെന്നൊരു ദിനം പൊട്ടി വിരിഞ്ഞു
തീജ്വാല പോലുള്ള കുഞ്ഞുവദനം കണ്ടു കൊണ്ട്
ആ അമ്മ അന്ന് ഉറങ്ങിയില്ല
കുഞ്ഞിനു വേണ്ടി
താരാട്ടു മൊഴിയുമ്പോഴും
എനിക്കായ് ചൊല്ലിയ താരാട്ടു കേട്ടു ഞാൻ




**അനഘ ആർ**

## കവിത

# ഓർക്കുമോ നീ?



മനുഷ്യൻ പ്രകൃതിയോടൊന്നിച്ച ജീവിച്ച
കാലം മറന്നു നീ എങ്ങോട്ടു പോകുന്നു?
കുന്നും മലകളും നീ ഇടിച്ചീട്ടുമ്പോൾ
നിന്നുടെ വാസരം നഷ്ടമായിട്ടുന്നു.
കാടിന്റെ പാദസ്വരമായിരുന്നോരു
കാട്ടരുവി താൻ മറഞ്ഞുപോയില്ലയോ ?
പുഴയും നദിയുമരുവിയും നഷ്ടമായ്
വറ്റിവരണ്ട നീർച്ചാലുകളായതും .
ഹേ മനുഷ്യാ നീ നിന്നുടെ
കാൽക്കൽ മഴവെറിഞ്ഞീലയോ ?
വന്യ ജീവി , മൃഗ സഞ്ചയമെല്ലാമെ
നിന്നുടെ ചെയ്തിയിൽ നഷ്ടമായ്ത്തീർന്നിതു
ഓർക്കുക, പ്രകൃതിയെ നീ
ഹനിച്ചീടുകിൽ
നാശം നിനക്കു വരുമെന്നു നിശ്ചയം







വാസുദേവൻ .ജി

## കവിത



# തിരിച്ചു പോക്ക്

ഡി ജെ മ്യൂസിക്കിന്റെ താളം ആസ്വദിക്കുമിന്നെനിക്ക്
പണ്ടത്തെ പാണന്റ പാട്ടിന്റെ താളം കാതുകളിൽ മുഴങ്ങുന്നു
ഇന്നലെൻറുണ്ണി മണ്ണിച്ചീച്ചിയെന്നു ചൊല്ലിയപ്പോളോർക്കുന്നെൻ
ബാല്യ നിമിഷങ്ങളെത്രയും ചില വഴിച്ചത് മണ്ണിനൊപ്പം
മനുഷ്യന്റെ അക്ഷന്തവ്യമായ തെറ്റിനോ
ഇതിനെല്ലാം കാരണമെന്നു ഖേദിക്കുന്നു ഞാൻ
മണ്ണപ്പം ചുട്ടുകളിച്ചെൻ വരമ്പിലൊന്നു
പൊയ്ക്കളയാമെന്നോർത്തു പോയെൻ കണ്ണുകൾ
നിറഞ്ഞു
ഇനിയാ കാലത്തേക്ക് തിരിച്ചു പോകാൻ കഴിയുമോ?
എന്നെന്റെ മനസ്സ് ഉരുകിടുന്നു
തീരാത്ത ചിന്തയിൽ മുഴുകിടുന്നു
കാണാം കിനാവുകൾ മാഞ്ഞിടുന്നു
ഇലകളിൽ വീഴും മഞ്ഞുതുള്ളികൾ പോലെൻ കവിളിൽ
ഒഴുകുന്നു കണ്ണുനീർത്തുള്ളികൾ
ഓർമ്മകളിലേക്ക് മാത്രമെ തിരിച്ചു മടങ്ങാനെനിക്കാവൂ
എന്ന തീരാത്ത ദുഃഖത്തിൽ





വിജിത B2

# കവിത

## അമ്മ



ജനിച്ച വീണത് പ്രതീക്ഷകളോടെ
ആരുടെയൊക്കെയോ ജ്വലിക്കുന്ന പ്രതീക്ഷകൾ
കരഞ്ഞുകൊണ്ട് യാത്ര തുടങ്ങി
കരഞ്ഞുകൊണ്ട് തന്നെ അവ തുടരുന്നു
കരയുന്ന വയറിനെയോ എരിയുന്ന മനസ്സിനേയൊ
വെയിലിനേയോ മഴയേയൊ ഒന്നുമല്ല
ആ കണ്ണുകൾ കണ്ടതെല്ലാം തന്റെ പ്രതീക്ഷകളെ
പ്രതീക്ഷയുടെ പുതുനാമ്പുകളെ

അനുപമ B2

**കഥ**

# ഒരേട്



ആർത്തലച്ചൊഴുകുന്ന കുറ്റ്യാടിപ്പുഴയും തകർന്ന പാലവും ടി.വി ന്യൂസുകളിൽ നിറഞ്ഞൊഴുകുമ്പോൾ എന്റെ മനസ്സിന്റെ പാലവും കുത്തൊഴുക്കിൽ ഒലിച്ചുപോവുകയായിരുന്നു. അങ്ങ് ദൂരെ തന്റെ അനുജത്തി ഉറ്റവരും ഉടയോ രുമില്ലാതെ............ അമ്മയും അച്ഛനും വഴിപിരിഞ്ഞു പോയ ഈ ഒറ്റയടി പാതയിൽ ഞങ്ങൾ നിരാലംബരായ്.

ക്ലാസ്സിൽ പറന്നെത്തിയ റോക്കറ്റ് പൊളിച്ചു വായിക്കവെ ഇടനെഞ്ചിൽ ഒരു കൊള്ളിയാൻ പാഞ്ഞു ക്ലാസിൽ വികൃതി കാട്ടി ശ്രദ്ധാകേന്ദ്രമായി മാറാൻ ശ്രമിച്ച അവന്റെ മുഖം ഒരു ഞെട്ടലോടെ ഒരിക്കൽ കൂടി ഞാനോർത്തു .എന്തുകൊണ്ടോ എത്ര ശ്രമിച്ചിട്ടും




തന്റെ കൈ പിടിയിലൊതുങ്ങാത്ത അവന്റ മനസ്സും കാഴ്ചപ്പാടും ,ചിലപ്പോൾ വളരെ പാവം നിരാലംബമായ മുഖഭാവം, മറ്റു ചിലപ്പോൾ എല്ലാത്തിനോടും പ്രതിഷേധം ഒറ്റ കുതിപ്പിന് സകലതും തുത്തുവാരുന്ന കടലിനെപ്പോലെ എങ്കിലും ഒരുപാട് പറയാനുള്ളപ്പോൾ ഒരു പാട് വിശേഷങ്ങൾ പറഞ്ഞ് കൂടെക്കൂട്ടുന്ന അവന് ഇവിടം കൂട്ടുകൂടുവാനുള്ള ഒരു കളിമുറ്റം മാത്രം അവന്റെ ഭാഷയിൽ പറഞ്ഞാൽ ടീച്ചറെ എനിക്കിവിടെ ഷൈൻ ചെയ്യണം. അത്ര തന്നെ അതെ ഷൈൻ ചെയ്യുക എന്നത് അവന്റെ മാത്രം കുറ്റമല്ലല്ലോ.

കാലം എല്ലാവരിലും നിറച്ച ആഗ്രഹമല്ലെ ചിന്തകൾ ചിറകുവിടർത്തവെ ഞാൻ നിരത്തിലെത്തിയിരുന്നു .റോഡിനിരുവശവും താലമേന്തിയ പല വർണ്ണക്കൊടികൾ കാറ്റിനോട് മന്ത്രിച്ചതെന്ത്? അപ്പോൾ അങ്ങകലെ കൂടണയാൻ വെമ്പുന്ന കിളികളുടെ കളകളനാദത്തിൽ എല്ലാം അലിഞ്ഞു ചേരുന്നത് ഞാനറിഞ്ഞു. എന്റെ കയ്യിലെ മുഷിഞ്ഞ ചുക്കിച്ചുളിഞ്ഞ ആ ഒരേട് കാറ്റ് പറത്തി കൊണ്ടു പോയോ അറിയില്ല അപ്പോൾ എന്റെ കൈ ശൂന്യമായിരുന്നു.

**ആർഷ കെ എസ്**

**തൂലികയിൽ കഥകൾക്കും കവിതകൾക്കും വരകൾ കൊണ്ട് ദൃശ്യാവിഷ്ക്കാരം നടത്തിയത് 7 ൽ പഠിക്കുന്ന ഷിജിത**







കെ .സി .പി .ഹയർ സെക്കൻഡറി സ്കൂൾ ,കാവശ്ശേരി




കെ .സി .പി .ഹയർ സെക്കൻഡറി സ്കൂൾ ,കാവശ്ശേരി














കെ .സി .പി .ഹയർ സെക്കൻഡറി സ്ക്കൂൾ ,കാവശ്ശേരി

# യാത്രാവിവരണം



# ജമ്മു - ഒരു മാസ്മരിക കാഴ് ച

പെട്ടെന്നെടുത്തഒരുതീരുമാനമായിരുന്നു "ജമ്മുവിലേക്ക് വരുന്നോ" എന്ന ഏട്ടന്റെ ചോദ്യത്തിന്, ഞങ്ങളും വരുന്നുണ്ട് എന്ന മറുപടി.



യാത്രകൾ ഒരുപാട് ഇഷ്ടപ്പെടുന്ന എനിക്ക്, യാത്രയ്ക്കുള്ള തയ്യാറെടുപ്പിന് വലിയ ഉൽസാഹമായിരുന്നു. നല്ല തണുപ്പ് അതിനെ പ്രതിരോധിക്കാനുള്ള വസ്ത്രങ്ങളും മറ്റും ദിവസങ്ങൾക്കു മുമ്പേ ഒരുക്കി വച്ചു.ആദ്യമായുള്ള വിമാനയാത്ര ശരിക്കും ബാല്യത്തിലേക്ക് തിരിച്ചു വന്ന പ്രതീതിയിലായിരുന്നു യാത്രയിലുടനീളം ഇതുവരെയുള്ള യാത്രകളിലെല്ലാം ദേവാലയദർശനങ്ങൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്.എന്നാൽ ഇത് വേറിട്ട ഒരനുഭവമാണ് മനസ്സിൽ കോറിയിട്ടത്.

നെടുമ്പാശ്ശേരിയിൽ നിന്നും ആണ് വിമാനം.ലഖ്നൗ എയർ പോർട്ടിൽ ഇറങ്ങിയതും ജമ്മുവിലേക്കുള്ള അടുത്ത യാത്രയ്ക്കായി ഞങ്ങൾ തയ്യാറായിരുന്നു. ജമ്മുവിൽ നമ്മുടെ പ്രീപെയ്ഡ് മൊബൈലുകൾക്ക് ആശയവിനിമയം സാധ്യമാവില്ല.ഞങ്ങൾ ജമ്മു വിമാന താവളത്തിൽ ഇറങ്ങി, കർശനമായ പരിശോധനകളാണ് എല്ലായിടത്തും. എയർപോർട്ടിലേക്ക്സ്വകാര്യവാഹനങ്ങൾക്ക്പ്രവേശനമില്ലായിരുന്നു.ജമ്മു മിലിട്ടറിയിൽജോലിചെയ്യുന്നമോൻപുറത്ത്കാത്തുനിൽപ്പുണ്ടായിരുന്നുതണു പ്പ്ശക്തമായിട്ടുണ്ട് രണ്ടു ദിവസമായി പെയ്ത മഴയുടെ ചിത്രങ്ങൾ വഴിയിലുടനീളം.അവിടുത്തെ മഴയ്ക്ക് ഉള്ള പ്രത്യേകത പെട്ടെന്ന് കറുത്ത്പെയ്ത് തോരും.നഗരകാഴ്ചകളിൽ നിന്നും ഞങ്ങളുടെ യാത്ര 70 കിലോമീറ്റർ അകലെയുളള ഉദംപൂർ എന്ന മിലിട്ടറി ക്വോർട്ടേഴ്സിലേക്കാണ്.വഴിയിൽ മുഴുവൻ ഉരുളൻ കല്ലുകൾ അടുക്കി വച്ച മലനിരകൾമഞ്ഞിൽ പൊതിഞ്ഞ് ഇല കൊഴിഞ്ഞമരങ്ങൾ.റോഡിനിരുവശങ്ങളിലും കറിവേപ്പിൻ ചെടികൾ മരങ്ങളായി മാറിയിരിക്കുന്നു. വഴിയിലുടനീളം വാഹന പരിശോധന.

സൂര്യന്റെപുത്രിഎന്ന്അറിയപ്പെടുന്ന തവി നദി ശാന്ത സ്വരൂപിണിയായിഒഴുകുന്നത്ഉദംപൂരിലേക്ക്പോകുന്നവഴിയിൽകാണാമായിരുന്നു.പ്രഭാതഭക്ഷണത്തിനായി ഞങ്ങളുടെ വണ്ടി ഒരു ചെറിയ ഹോട്ടലിൽ നിർത്തി. ചപ്പാത്തിയും രാജ്മ കറിയും പിന്നെ തൈരും കാന്താരി മുളകുമായിരുന്നുവിഭവങ്ങൾ.തണുപ്പ്നല്ലതുപോലെ അനുഭവപ്പെടാൻ തുടങ്ങി.തവി നദിയിലേക്ക്ഒഴുകുന്നഒരു കൊച്ചരുവിയിൽ വണ്ടി നിർത്തി.അവിടെ ഉരുളൻ കല്ലുകൾ പാകിയരീതിയിലുള്ളതാഴ് വാരംനല്ലഭംഗിയായിരുന്നു.നിശബ്ദതാഴ് വരയാണോജമ്മുഎന്ന്തോന്നിപ്പിക്കുന്നരീതിയിലായിരുന്നുകാഴ്ചകൾദൂരെമലമടക്കുകളിൽഉപ്പുപാകിയ പോലുള്ള മഞ്ഞിന്റെ പാളികൾ ദൂര കാഴ്ചയിൽ തന്നെമനോഹരമായിരുന്നു. മിലിട്ടറി ക്വാർട്ടേഴ്സിലായിരുന്നു ഞങ്ങൾ താമസിച്ചത്, മോളുടെ ഗംഭീരമായ സൽക്കാരത്തിനു ശേഷം



ഞങ്ങൾ അവിടെ നിന്നും 20 കി.മി. അകലെയുള്ള പത്തിനിടോപ്പ് എന്ന ഐസ് വീണ് ഉറങ്ങുന്ന മലയിലേക്ക് പോകുവാൻ തീരുമാനിച്ചു.ജമ്മു-ശ്രീനഗർറോഡിലൂടെയാണ് യാത്ര,അവിടുത്തെതന്നെസ്വദേശിയാണ്ഞങ്ങളുടെഡ്രൈവർ.ശ്രീനഗറിലേക്കുള്ള 9.28km ദൂരമുള്ളടണൽഎത്തുന്നതിന്തൊട്ടുമുമ്പ്ഞങ്ങളുടെവാഹനംപത്തിനിടോപ്പിലേക്ക് തിരിഞ്ഞു, വഴി മുഴുവൻ മഞ്ഞുവീഴുന്നുണ്ട്, പോരാത്തതിന് നല്ല മഴയും സന്ദർശകർ ഒരുപാട് എത്തിച്ചേരുന്ന സ്ഥലമാണ് .ഞങ്ങൾ ടോപ്പിൽ എത്തി ഇറങ്ങി ,ഐസ് മൂടി കിടക്കുന്ന വഴിയിലൂടെ കുറച്ച് നടന്നു.തണുപ്പ് അസഹ്യമായപ്പോൾ തിരിച്ചു വണ്ടിയിൽ കയറി. അവിടെ നിന്നും മുകളിലേക്ക് 2 KM അകലെയുള്ള നന്ദടോപ്പിലേക്ക് സഞ്ചാരികളെയും കൊണ്ട് വാഹനം പോകുന്നത് കണ്ടു.

മഴ കഴിഞ്ഞപ്പോൾ മഞ്ഞ് വീഴ്ച ശക്തമാവാൻ തുടങ്ങി .ഇനി കുറച്ച് കഴിഞ്ഞാൽ റോഡ് മുഴുവൻ മഞ്ഞ് വീണ് വാഹനം കടത്തിവിടില്ല എന്നതുകൊണ്ട് ഞങ്ങൾ തിരിച്ചിറങ്ങി.ശ്രീനഗറിലേക്കുള്ള ഹൈവേയിൽ മുഴുവൻ വലിയ ചരക്കുവാഹനങ്ങളുടെ നിര ദൃശ്യമായിരുന്നു. റോഡു മുഴുവൻ മഞ്ഞു കാരണം വാഹനങ്ങൾക്ക് പോകുവാൻ കഴിയാത്തത് എന്ന് മോൻ പറയുന്നുണ്ടായിരുന്നു.വഴിയിലുടനീളം കർശനമായ പരിശോധനയാണ് - സി.ആർ.പി.എഫ് - ബി.എസ്.എഫ് - മിലിട്ടറി ശരിക്കും നമ്മളെ സബന്ധിച്ചിടത്തോളം വേറിട്ട ഒരനുഭവം.

ഒരാഴ്ചയായി തുടരുന്ന മഴയ്ക്ക് ഒരു ശമനം വന്നതുപോലെതോന്നി.അവിടെമലയുടെഅരികിലൂടെപാതയും,അഗാധമായആഴത്തിൽനദിയുടെ ഒഴുക്കും ഒരു പ്രത്യേക കാഴ്ചയായിരുന്നു.



അടുത്ത ദിവസം ഉദംപൂരിൽ നിന്ന് കാട്ര എന്ന സ്ഥലത്ത് എത്തി അവിടുന്ന് 13.5KM അകലെയുള്ളവൈഷ്ണവിമാതാമന്ദിറിലേക്ക്പോകുവാൻതീരുമാനിച്ചു. അവിടെയ്ക്ക് നടന്ന് അല്ലേൽ കുതിര കഴുത (രണ്ടിന്റെയും സങ്കരയിനം കാഴ്ചയിൽകുതിരയേപോലെപക്ഷെഉയരംകുറവ്)യുടെപുറത്ത്.അടുത്ത്ത ന്നെഹെലികോപ്റ്റർ സർവീസ് ഉണ്ട് എന്ന് കേട്ട് അവിടെ പോയി ഒരു ശ്രമംനടത്തി,പക്ഷെ3 മാസംമുമ്പെബുക്ക്ചെയ്യണംടിക്കറ്റിന്,10 മിനിറ്റ്മതി ഹെലികോപ്റ്ററിലാണേൽ.എന്തായാലും തിരിച്ച് വന്ന് കുതിര പുറത്ത് കയറാൻ തീരുമാനിച്ചു. മെലിഞ്ഞ ശരീരപ്രകൃതിയും, നീണ്ട മൂക്കും, ദൈന്യത വിടർന്ന കണ്ണുകളുമുള്ള ഒരു കൂട്ടം ചെറുപ്പക്കാരാണ് കുതിരക്കാർ. നമ്മുടെ വണ്ടിയെത്തുമ്പോൾ തന്നെ ഏകദേശം അര കിലോമീറ്റർ മുമ്പ് തന്നെ അവർ നമ്മളെ പിൻതുടർന്ന് വിലപേശാൻ തുടങ്ങും. അവിടെയാണ് ശരിക്കും ജമ്മുവിന്റെ ഒരു മുഖം നമ്മളുടെമനസ്സിൽ പതിയുന്നത്. ടൂറിസം വരുമാനമാണ് അവരുടെ ഉപജീവനം. അവർക്ക് പ്രത്യേകമായി പാസ്സും മറ്റുമുണ്ട് .അവരും നിരന്തരംപരിശോധനയ്ക്ക് വിധേയമാകുന്നുണ്ട്. നുഴഞ്ഞു കയറാൻ ഒരു പഴുതും കൊടുക്കില്ലാ എന്ന ദൃഢനിശ്ചയം എല്ലാ ഭാഗത്തും സൈന്യവും BSF ഉം പോലിസും.

ഓരോരുത്തരും ഓരോ കുതിരയുടെ പുറത്തു കയറിയുള്ള യാത്ര ഒരു അനുഭവമായിരുന്നു.മലയുടെഅരുകുചേർന്ന്ഷീറ്റിട്ടവഴിയിലൂടെയാണ് യാത്ര.മുകളിൽനിന്ന്മഞ്ഞ്കട്ടവീഴുന്നതിനെയുംമഴയേയുംപ്രതിരോധിക്കാൻ ഇത്

അത്യാവശ്യമാണ്.ഏകദേശംഒരുകിലോമീറ്റർ അടുത്തു വരെയെ കുതിര പോവൂ. പിന്നിട് നടന്ന് മന്ദിരത്തിൽ എത്തി. 6 ഗേറ്റുകൾ ഉണ്ട് ദർശനത്തിന് .ഞങ്ങൾ ആർമി ഗേറ്റിലൂടെ ഉള്ളിൽ പ്രവേശിച്ചു.ഒരു അരുകുചേർന്ന് ദേവിയുടെ സാനിധ്യമുള്ള ഒരു കൊച്ചു ശില, തുടർന്ന് പ്രസാദ വിതരണം




ഉണ്ടായിരുന്നു.എല്ലാ ഭക്തർക്കും ദേവിയുടെ രൂപം കൊത്തിയ നാണയവുംമധുരവുംഉണക്കമുന്തിരിയുമാണ്പ്രസാദം വൈഷ്ണവ് ദേവി ക്ഷേത്രത്തിൽ ഭക്തർക്കുവേണ്ടി പ്രത്യേക വഴിപാടുകൾ ഇല്ല,മാത്രമല്ല ഭണ്ഡാരങ്ങളും ഇല്ല (ഇത് ഭാരതത്തിലെ അപൂർവക്ഷേത്രങ്ങളിൽ ഉള്ള പ്രത്രേകതയാണ്).തിരിച്ച് ഞങ്ങൾ നടന്ന് ഇറങ്ങി ശരിക്കും കഠിനമായിരുന്നു. എന്നാലും അവിടുത്തെ കാഴ്ചകൾ മനോഹരമായിരുന്നു.മലമടക്കുകളിലൂടെയുള്ള യാത്ര. ശരിക്കും പ്രകൃതിയേ വേദനിപ്പിക്കാതെ ഓരോ നിർമ്മിതികളും കണ്ണിനിമ്പമുള്ള കാഴ്ചകളായിരുന്നു.

അടുത്ത ദിവസം ഞങ്ങൾ പഞ്ചാബിലേയ്ക്ക് തിരിച്ചു.ചിനാബ് നദി അതിർത്തി പങ്കിടുന്ന റോഡ് പഞ്ചാബിലേക്ക് പ്രവേശിച്ചു എന്നത് പറയാതെ തന്നെ അറിയാൻ കഴിഞ്ഞു.പച്ചപ്പിന്റെ കൂടാരമാണ് ശരിക്കും പഞ്ചാബ് എന്ന് തോന്നി. നമ്മുടെ കേരളവുമായിഒരു

സാദൃശ്യം.നോക്കെത്താ ദൂരം ഗോതമ്പു പാടങ്ങളും കടുകുമൊക്കെ കൃഷിചെയ്യുന്നു.ജാലിയൻവാലാബാഗിലേക്കാണ് ഞങ്ങൾ ആദ്യം പോയത് ചരിത്ര പാഠപുസ്തകങ്ങളിൽപഠിച്ചതിന്റെദൃശ്യാവിഷ്കരണം.ആളുകൾക്ക് വെടികൊണ്ട സ്ഥലവുംപ്രാണരക്ഷാർത്ഥംരക്ഷപ്പെടാ
നായി ചാടിയ കിണറും ,പിന്നീട് അതിൽ കിടന്ന് മരണത്തെ വരിച്ചതും മൊക്കെ അവിടെബാക്കിപത്രങ്ങളായിഅവശേഷിച്ചിരുന്നു.

പിന്നിട് അവിടുന്ന് അടുത്തു തന്നെയുള്ള സിക്കുകാരുടെ ക്ഷേത്രമായ സുവർണ്ണ ക്ഷേത്രത്തിലേക്ക് തിരിച്ചു ശരിക്കുംശാന്തസുന്ദരമായ ഒരു അന്തരീക്ഷമാണ് ആക്ഷേത്ര ചുറ്റുപാടു മുഴുവൻ.അവരുടെ ആത്മിയ ഗ്രന്ഥമായ ഗുരു ഗ്രന്ഥ് സാഹിബ് ,ഗുരുനാനാക്കിന്റെ ദർശനങ്ങൾ അടങ്ങിയ സിക്ക്മതഗ്രന്ഥമാണ്അവിടെപ്രതിഷ്ഠിച്ചിരിക്കുന്നത് .എങ്ങും മന്ത്രോച്ഛാരണ മുഖരിതമായ അന്തരീക്ഷം.പുരുഷൻമാർ തലയിൽ ഒരു ടവൽ ധരിക്കണം .സ്ത്രീകളും സാരിയോഷാളോ തലയിൽ ധരിക്കണമെന്ന്പുറത്ത് നിന്നു തന്നെ നിർദ്ദേശം ലഭിച്ചിരുന്നു.പുറത്ത് അതിവിശാലമായ കുളം നിറയെ മീനുകൾ സ്വർണ നിറത്തിലുള്ള മിനുകൾ ധാരാളമുണ്ട്. കുളത്തിൽ കാൽ കഴുകാനൊന്നു പറ്റില്ല ,അത്രയും പവിത്രമായാണ് അവർ അതിനെ സംരക്ഷിക്കുന്നത് .അവിടെ കരയിൽ ഇരിക്കുമ്പോൾ തന്നെ മനസ്സിൽ പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു അവസ്ഥയിൽ എത്തിച്ചേരും.

കുറെ സമയം അവിടെ ചിലവഴിച്ച ശേഷം ഞങ്ങൾ വാഗ അതിർത്തിയിലേക്ക് പരേഡ് കാണുന്നതിനായി പുറപ്പെട്ടു.വാഗ ബോർഡർ



( അതാനി ബോർഡർ ) അവിടെ ഇന്ത്യ പാക്കിസ്ഥാൻ സെറിമോണിയൽ പരേഡിനുള്ള ഒരുക്കങ്ങൾ നടക്കുന്നു. ഞങ്ങൾ പരിശോധനകൾ കഴിഞ്ഞ് ,നേരത്തെ തന്നെ, എല്ലാം കാണുന്ന തരത്തിൽ ഇരിപ്പിടങ്ങളിൽ സ്ഥലം പിടിച്ചു. വരുന്ന വഴിയിൽ നിന്നു തന്നെ ത്രിവർണ്ണ നിറമുള്ള കൊടിയും തൊപ്പിയും വാങ്ങി മുഖത്ത് ത്രിവർണ്ണ പതാക ആലേഖനം ചെയ്തുമാണ് ഇരുന്നത് .കുറച്ചു സമയം കൊണ്ടു തന്നെ ഗാലറിയുടെ രണ്ടു ഭാഗങ്ങളിലും അളുകൾ നിറഞ്ഞു .നമ്മുടെ ദേശീയ പതാക ഉയരങ്ങളിൽ പാറി കളിക്കുന്നത് കാണാമായിരുന്നു.ഗാലറിയുടെ നടുവിലൂടെ ഒരു റോഡ് ,അരുകിലായി ഇന്ത്യയേയും പാക്കിസ്ഥാനേയും വിഭജിക്കുന്ന പാതയും ഉയരമുള്ള കമ്പിവേലിയും, രണ്ട് രാജ്യങ്ങളിലേക്കും യാത്ര ചെയ്യുന്ന ഗ്രാമിണർ.

ഈ ഭാഗത്തു കൂടിയാണ് യുദ്ധ തടവുകാരായ സൈനികരെ (അഭിനന്ദൻ വർദ്ധമാൻ) രണ്ട് രാജ്യങ്ങളും കൈമാറുന്നത്.ഈ റോഡിനിരുവശവുമായാണ് രണ്ട് രാജ്യങ്ങളിലേയും ഗാലറികൾ .അവിടെ പാക്കിസ്ഥാന്റെ പതാകയും

പാറികളിക്കുന്നുണ്ട് .ഗംഭീരമായ രണ്ട് ഗേറ്റുകൾ രണ്ടു ഭാഗത്തു. എല്ലാ ദിവസവും രണ്ടു നേരവും ഇവിടെ പരേഡ് ഉണ്ടാവും. വൈകുന്നേരത്തെ പരേഡിനാണ് ആളുകൾക്ക് പ്രവേശനമുള്ളത് .രണ്ടു രാജ്യങ്ങളിലായി,വിഭജിച്ച് ജീവിക്കുന്ന, ഗ്രാമിണരെയും വഹിച്ചുകൊണ്ടുള്ള വാഹനങ്ങളിൽ നിന്ന് ഇറങ്ങി, രണ്ട് രാജ്യങ്ങളിലേക്കും യാത്ര ചെയ്യുന്ന ആളുകളെ

കാണാൻ സാധിച്ചു. .പരേഡ് കഴിഞ്ഞ് ഇറങ്ങിയപ്പോൾ ശരിക്കും തോന്നിയത് ഓരോ ഭാരതിയനും ജീവിതത്തിൽ ഒരിക്കലെങ്കിലും അവസരം ലഭിക്കുകയാണെൽ ഈ പരേഡ് തീർച്ചയായും കണ്ടിരിക്കണം. അത്രത്തോളം സ്വന്തം രാജ്യത്തോടുള്ള കൂറും സ്നേഹവും ലയിച്ചു ചേർന്നതാണ് പരേഡ്.സ്വന്തം രാജ്യമാണ്

എല്ലായ്പ്പോഴും ജയിക്കുക എന്ന് എല്ലാവരുടേയും മനസ്സിൽ കോറിയിട്ട ഒരു അനുഭവമാണ് പരേഡ് കഴിഞ്ഞിറങ്ങുന്ന ഓരോരുത്തരുടെയും മനസ്സിൽ.

തിരിച്ചുള്ള യാത്ര ഉദംപുരിൽ നിന്നും 20 കിലോമീറ്റർ അകലെയുള്ള മാനസർതടാകം-സുറിൻസർതടാകം കണ്ടുകൊണ്ടാണ് .മാൻസർ വിശാലമായി പരന്നു കിടക്കുന്ന തടാകമാണ് നിറയെ മീനുകൾ ശിവഭഗവാന്റെ ചൈതന്യം ഉൾക്കൊണ്ടഒരുസ്വർണമത്സ്യംഅവിടെയുണ്ടെന്നും ,അതിനെ കാണുന്നത് ഭാഗ്യമെന്നുമാണ്അവിടുത്തെവിശ്വാസം.

ഞങ്ങൾ മത്സ്യങ്ങൾക്ക് തീറ്റ വാങ്ങി ചെറിയ ഉരുളകളായി കൊടുത്തു ധാരാളം മത്സ്യങ്ങൾ കൂട്ടത്തോടെ വരുന്ന കാഴ്ച മനോഹരമായിരുന്നു. മത്സ്യത്തെ ആരും പിടിക്കുവാൻ പാടില്ല.ധാരാളം പക്ഷികൾ ജലാശയത്തിന് ചുറ്റും വട്ടമിട്ട് പറക്കുന്നുണ്ടായിരുന്നു.തിരിച്ച്സുറിൻസർതടാകത്തിനരികിലൂടെ ഞങ്ങളുടെ വാഹനം യാത്ര തുടർന്നു.ധാരാളം ശുദ്ധമായ വെള്ളം ഉൾക്കൊള്ളുന്ന ഈ ജലാശയങ്ങൾ പ്രകൃതിയുടെ ഒരു വരദാനമണെന്ന് തോന്നി.വ്യൂ പോയന്റിൽ വണ്ടി നിർത്തി ഏകദേശം ജമ്മുവിന്റെ സൗന്ദര്യം മുഴുവൻ കാണാവുന്നഒരുദൃശ്യവിരുന്നുതന്നെയായിരുന്നു ആ കാഴ്ചകൾ.അവിടുത്തെ പ്രസിദ്ധമായ ചിനാർ മരത്തിന്റ പേരിൽ അറിയപ്പെടുന്ന ചിനാർ മാർക്കറ്റ് ജമ്മുവിന്റെ ഒരു ചെറിയ മുഖം ദൃശ്യമാക്കി.യാത്രയിലുടനീളംജമ്മുവിൽഎല്ലായിടങ്ങളിലുംശക്തമായ സൈന്യത്തിന്റെ അധീനത എന്നാണ് തോന്നിയത്.കൊടു തണുപ്പിലും ഉറക്കം മൊഴിച്ച് രാജ്യത്തെ സംരക്ഷിക്കുന്ന പട്ടാളക്കാർ.



കാഴ്ചകളോട് വിട പറഞ്ഞ് മടങ്ങുമ്പോൾ മനസ്സിൽ മുഴുവൻ തങ്ങി നിന്നത് മനോഹരമായ കാഴ്ചകൾക്കപ്പുറം കൊടും ശൈത്യത്തിലും പ്രതികൂല കാലാവസ്ഥയിലും നമ്മുടെ രാജ്യത്തെ കാത്തു സൂക്ഷിക്കുന്ന ധീര ജവാൻമാരുടെ ഓർമകളാണ്. രാജ്യം മുഴുവൻ സുഖനിദ്രയിൽ ലയിക്കുന്നത് അവരുടെയെല്ലാം ധീരമായ പ്രവ്യത്തിയുടെ ...കരുത്തിന്റ .....ധീരതയുടെ....സഹനത്തിന്റെ എല്ലാം ഫലമായിട്ടാണ്.

ധീര ജവാൻമാരുടെ മുന്നിൽ കൂപ്പ് കൈകളോടെ......................................

പി.സി.ഗീത




കെ .സി .പി .ഹയർ സെക്കൻഡറി സ്കൂൾ ,കാവശ്ശേരി








2018-19 PLUS TWO AWARD
WINNERS


ബഷീർ



# SSLC 2018-19 AWARD WINNERS